**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **06-10-2025 - ൽ മറുപടിയ്ക്ക്**

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. മോൻസ് ജോസഫ്</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസിയിലൂടെയാണെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി നടപ്പാക്കുന്നത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനയാണ്.</td></tr>
<tr><td>(ബി)</td><td>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി അനുവദിച്ച തുക എത്രയാണെന്നും അത് ഏത് വകുപ്പിലൂടെയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിലൂടെയാണ് തുക അനുവദിക്കുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി അനുവദിച്ച തുക ചുവടെ ചേർക്കുന്നു.
<table>
<tr><td>വർഷം</td><td colspan="3">അനുവദിച്ച ആകെ തുക<br>(രൂപയിൽ)</td></tr>
<tr><td></td><td>കേന്ദ്ര വിഹിതം</td><td>സംസ്ഥാന വിഹിതം</td><td>ആകെ</td></tr>
<tr><td>2019-20</td><td>1225616694</td><td>4980827723</td><td>6206444417</td></tr>
<tr><td>2020-21</td><td>1381061182</td><td>3565746000</td><td>4946807182</td></tr>
<tr><td>2021-22</td><td>1388989685</td><td>10025000000</td><td>11413989685</td></tr>
<tr><td>2022-23</td><td>1513371432</td><td>9000000000</td><td>10513371432</td></tr>
<tr><td>2023-24</td><td>1513371432</td><td>8054914288</td><td>9568285720</td></tr>
<tr><td>2024-25</td><td>1513371432</td><td>9785400000</td><td>11298771432</td></tr>
<tr><td>2025-26</td><td>1135028574</td><td>2996914288</td><td>4131942862</td></tr>
</table></td></tr>
<tr><td>(സി)</td><td>കഴിഞ്ഞ നാല് വർഷത്തിനിടെ ഈ പദ്ധതി വഴി എത്ര പേർക്ക് എത്ര രൂപയുടെ സൗജന്യ ചികിത്സ നൽകി എന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>2021-22സാമ്പത്തിക വർഷം മുതൽ 2025 ഓഗസ്റ്റ് വരെ കാസ്പ് സ്കീമിന് കീഴിലുള്ള ഗുണഭോക്താക്കളുടെ എണ്ണവും ക്ലെയിം ചെയ്ത തുകയും സാമ്പത്തിക വർഷം തിരിച്ച് ചുവടെ നൽകിയിരിക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>ചികിത്സ ലഭിച്ച ഗുണഭോക്താക്കൾ</th><th>ക്ലെയിം ചെയ്ത തുക (രൂപയിൽ)</th></tr>
<tr><td>2021-2022</td><td>541425</td><td>14698717916</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| 2022-23 | 626658 | 15477576692 |
| 2023-24 | 603645 | 15747108881 |
| 2024-25 | 544211 | 14658509775 |
| 2025-2025 ആഗസ്റ്റ് വരെ | 237097 | 5546626169 |

| | | | |
|---|---|---|---|
| (ഡി) | പദ്ധതികളുമായി ബന്ധപ്പെട്ട പരാതികൾക്കും വിവരങ്ങൾക്കും പൊതുജനങ്ങൾ ബന്ധപ്പെടേണ്ട ഹെൽപ്‌ലൈൻ നമ്പർ ഏതാണെന്ന് അറിയിക്കാമോ? | (ഡി) | ദിശ ടോൾ ഫ്രീ നമ്പറായ 1056, 14555, ദിശ ലാൻഡ് ലൈൻ നമ്പറായ 0471 2552056, 2551056, കൂടാതെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ലാൻഡ് ലൈൻ നമ്പറിലും ഡിസ്ട്രിക്ട് പ്രൊജക്റ്റ് കോർഡിനേറ്ററിന്റെ നമ്പറിലും വിളിച്ച് പരാതികൾ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ